നം. എൻ.ഇ.പി (3)- 72704/2015/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 15.12.2015

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - ഐടി@സ്കൂൾ പ്രോജക്ട് - റാസ്പ്ബറിപൈ കമ്പ്യൂട്ടർ സമ്മാനമായി ലഭിച്ച വിദ്യാർത്ഥികൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് പരിശീലനം നടത്തുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 16-09-2015 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി.(3) 72704/2015 നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഗവ./എയിഡഡ്/അൺഎയിഡഡ് സ്കൂളുകളിലെ റാസ്ബറി പൈ കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് രണ്ടു ഘട്ടങ്ങളിലായി 6 ദിവസത്തെ പ്രോഗ്രാമിംഗ് പരിശീലനം ജില്ലാടിസ്ഥാനത്തിൽ വിവിധ കേന്ദ്രങ്ങളിൽ 2016 ജനുവരി മാസം നടത്തേണ്ടതാണ്. ഐ.ടി.@സ്കൂൾ പ്രോജക്ട് അംഗീകരിച്ച പരിശീലന മോഡ്യൂൾ പ്രകാരമായിരിക്കണം പരിശീലനം നടത്തേണ്ടത്.

പരിശീലകരായി നിയോഗിക്കപ്പെടുന്ന ഐ.ടി.@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രെയിനർമാർക്കും തെരഞ്ഞെടുത്ത എസ്ഐടിസിമാർക്കും ജില്ലാടിസ്ഥാനത്തിൽ മൂന്ന് ദിവസത്തെ പരിശീലനം ഡിസംബർ 16 മുതൽ 18 വരെ നടത്തേണ്ടതാണ്.

ഒരു ബാച്ചിൽ 24 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലായി പരിശീലനം ക്രമീകരിക്കേണ്ടതാണ്. റാസ്പ്ബറിപൈ കമ്പ്യൂട്ടറുകൾ പരിശീലനദിവസങ്ങളിൽ കുട്ടികൾ കൊണ്ടുവരേണ്ടതാണ്. പരിശീലനത്തിന് ആവശ്യമായ അനുബന്ധകിറ്റുകൾ പരിശീലനകേന്ദ്രങ്ങളിൽ ഐ.ടി.@സ്കൂൾ പ്രോജക്ട് സജ്ജീകരിക്കേണ്ടതാണ്. 2 പരിശീലകരാണ് ഓരോ കേന്ദ്രത്തിലും നിയമിക്കപ്പെടേണ്ടത്.

ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കേന്ദ്രങ്ങൾക്കു പുറമെ സൗകര്യപ്രദമായ ഗവ./എയിഡഡ്/അൺഎയിഡഡ് വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ ലാബുകൾ പരിശീലന കേന്ദ്രങ്ങളാക്കാവുന്നതാണ്.

പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ, റാസ്പ്ബറിപൈ കമ്പ്യൂട്ടർ സംബന്ധിച്ച വിവരങ്ങൾ, തയ്യാറാക്കിയ നിർമ്മിതികളുടെ ഡാറ്റാ തുടങ്ങിയവ പ്രത്യേകമായി തയ്യാറാക്കുന്ന ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിൽ താത്പര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ രീതിയിലും വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ വിധത്തിലുമായിരിക്കണം പരിശീലനം ക്രമീകരിക്കേണ്ടത്.

15/12/15

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

എല്ലാ സർക്കാർ, എയിഡഡ്, അൺഎയിഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്കും

പകർപ്പ് :

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്

എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ. മാർക്കും